(ഡി) ഇത് സംബന്ധിച്ച് നിലവിലുള്ള ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) അനുബന്ധം എ ആയി ചേർത്തിട്ടുണ്ട്.*

(ബി) കാർഡിയോളജി & കാർഡിയോ വാസ്ക്കുലർ സർജറി

പീഡിയാട്രിക്സ്

ഓർത്തോപീഡിക്സ്

ജനറൽ സർജറി

കാൻസർ ചികിത്സ

പ്ലാസ്റ്റിക് സർജറി

യൂറോളജി

തൊറാസിക് സർജറി

ന്യൂറോ സർജറി

നിയോനെറ്റോളജി.

എന്നീ വിഭാഗങ്ങളിൽ സർക്കാർ അംഗീകൃത സ്വകാര്യ ആശുപത്രി കളിലെ ചികിത്സകൾക്ക് ചില നിബന്ധനകൾക്ക് വിധേയമായി മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് അനുവദിക്കുന്നുണ്ട്.

(സി) നടപടി സ്വീകരിച്ചുവരുന്നു

(ഡി) അനുബന്ധം ബി ആയി ചേർത്തിട്ടുണ്ട്.*

മുതിർന്നവരുടെ ആരോഗ്യസംരക്ഷണത്തിനായി പുതിയ പദ്ധതികൾ

6(2094) ശ്രീ. സി. പി. മുഹമ്മദ്
ശ്രീ. തെറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മുതിർന്ന പൗരൻമാരുടെ ആരോഗ്യസംരക്ഷണത്തി നായി എന്തൊക്കെ പുതിയ പദ്ധതികൾക്കാണ് രൂപം നൽകിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ബി) മുതിർന്ന പൗരൻമാർക്കായി സർക്കാർ ആശുപത്രികളിൽ എന്തൊക്കെ പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇതിനായി എന്തൊക്കെ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(ഡി) ശയ്യാവലംബികളായ രോഗികളെയും മുതിർന്നവരെയും പരിചരിക്കുന്നവർക്കുള്ള പ്രതിമാസ വേതനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഇ) എങ്കിൽ ഇതു സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ- ഇ) വിവരം ശേഖരിച്ചുനൽകുന്നതാണ്.

സാമൂഹ്യ സുരക്ഷാ മിഷൻ

7(2096) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സാമൂഹ്യ സുരക്ഷാ മിഷൻ വികലാംഗരുടെ കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ ; വിശദവിവരം നൽകുമോ ;

(ബി) സാമൂഹ്യ സുരക്ഷാ മിഷൻ വികലാംഗർക്കായി നടപ്പാക്കുന്ന പദ്ധതികൾ എന്തെല്ലാമാണ് ;

(സി) ഇവർക്ക് തിരിച്ചറിയൽ കാർഡ് നൽകുന്ന ജോലികൾ മിഷൻ ഏറ്റെടുത്തിട്ടുണ്ടോ ; എങ്കിൽ ഏത് ഏജൻസി മുഖേനയാണ് നടപ്പാക്കുന്നത് ;

(ഡി) വൈകല്യമുള്ളവരെ ഏതൊക്കെ വിഭാഗമായി തിരിച്ചാണ് കണക്കെടുപ്പ് നടത്തിയത് ; ഓരോ വിഭാഗത്തിലും എത്ര പേർ വീതമുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടോ ?

ഉത്തരം

(എ) ഇല്ല.

(ബി&സി) സംസ്ഥാനത്തെ 40%ത്തിന് മുകളിൽ വൈകല്യമുള്ളതും ഇതേവരെ മെഡിക്കൽ സർട്ടിഫിക്കറ്റും തിരിച്ചറിയൽ കാർഡും ലഭിക്കാത്തവർക്കുവേണ്ടി കേരളത്തിന്റെ എല്ലാ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലുമായി വികലാംഗ മെഡിക്കൽ ക്യാമ്പുകൾ നടത്തി പങ്കെടുത്ത എല്ലാവർക്കും തത്സമയ മെഡിക്കൽ സർട്ടിഫിക്കറ്റും തിരിച്ചറിയൽ കാർഡും വിതരണം ചെയ്യുന്ന പദ്ധതി നടപ്പിലാക്കി. തിരിച്ചറിയൽ കാർഡ് നൽകുന്നതിനായി സി-ഡിറ്റിനെയാണ് ചുമതലപ്പെടുത്തിയത്.

(ഡി) ഉത്തരം എ യുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly